# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2658 — 12.02.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ ക്ഷീരവികസന വകുപ്പിനും ക്ഷീര മേഖലക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ക്ഷീര മേഖലയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.<br>2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.<br>പ്രളയത്തിൽ 5163 കറവപശുക്കൾ, 1089 കിടാരികൾ, 5166 കന്നുകുട്ടികൾ, 527 എരുമകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ, 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗികമായും നശിച്ചുപോയിട്ടുണ്ട്.<br>പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട് |
| (ബി) നാശം സംഭവിച്ച കാലിത്തൊഴുത്ത് പുനർ നിർമ്മിക്കുന്നതിനും കാലിത്തൊഴുത്ത് പുതുതായി നിർമ്മിക്കുന്നതിനും നൽകുന്ന സഹായങ്ങൾ അറിയിക്കുമോ; | (ബി) പ്രളയത്തിന്റെ ഭാഗമായി നാശം സംഭവിച്ച കാലിത്തൊഴുത്ത് പുനർ നിർമ്മിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത സഹായത്തിൽ ഉൾപ്പെടുത്തി ചെലവഴിച്ച തുകയുടെ 50% പരമാവധി 50000/- രൂപ വരെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ പ്രളയ ദുരിതത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കി വരുന്ന ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിനും നവീകരണത്തിനുമായി 630 കർഷകർക്ക് 50000 രൂപ വീതവും ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് 100 പേർക്ക് 1 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. |

(സി) കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) പദ്ധതിയുണ്ട്. ക്ഷീരവികസന വകുപ്പ് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് പ്രോഗ്രാമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൽ 1200 ഒരു പശു യൂണിറ്റും 900 രണ്ട് പശു യൂണിറ്റുമാണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33,000/- രൂപയും 2 പശു യൂണിറ്റിന് 66,000/- രൂപയുമാണ് ധനസഹായമായി നൽകുന്നത്.

(ഡി) ക്ഷീരകർഷകരുടെ ആവശ്യത്തിനനുസരിച്ച് ധസനഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആവശ്യത്തിന്റെ സാധ്യത പരിശോധിച്ചും അതത് സമയത്തെ മാനദണ്ഡങ്ങൾക്ക് വിധേയമായും സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ചും നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രളയശേഷം ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനും ക്ഷീരകർഷകരെ പുനരധിവസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഇ) പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെ പറയുന്ന പ്രകാരമാണ് നടപ്പിലാക്കുന്നത്.

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1. | ഗോദാനം | 33000 | 1200 | 396 |
| 2. | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3. | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4. | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5. | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 96 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 64 കറവപ്പശുക്കളെയും 200 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 6 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശപ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**